ഭരണഭാഷ മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**04712561307**

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - സർക്കാർ എഞ്ചിനീയറിങ് കോളേജ് തൃശ്ശൂർ - ശ്രീ അബ്ദുൽസമദ് കെ വി, ട്രേഡ് ഇൻസ്ട്രക്ടർ - നിരീക്ഷണകാലം അവസാനിപ്പിച്ച് ഉത്തരവാകുന്നു.

---

*ജീവനക്കാര്യം ബി വിഭാഗം*

**EB2/423//2024/DTE** തിരുവനന്തപുരം , **18-10-2024**

---

*വായന:-*
1. തൃശ്ശൂർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാളിന്റെ **18/12/2023** ലെ **ഇ2/10530/2023** നമ്പർ കത്ത്
2. ഈ കാര്യാലയത്തിൽ നിന്നുള്ള **27/06/2024** ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3. തൃശ്ശൂർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാളിന്റെ **18/04/2024** ലെ **ഇ2/10530/2023** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ എഞ്ചിനീയറിങ്ങ് കോളേജിലെ, കെമിക്കൽ വിഭാഗം ട്രേഡ് ഇൻസ്ട്രക്ടറായ ശ്രീ അബ്ദു സമദ് കെ വി, ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ **19-09-2012** ൽ ജോലിയിൽ പ്രവേശിച്ചതിന് ശേഷം **23-11-2012** ൽ വിദേശത്ത് ജോലിയ്ക്കായി അവധിയിൽ പ്രവേശിച്ചിരുന്നു. **24-11-2023** വരെ അവധിയിൽ തുടർന്നതിന് ശേഷം **25-11-2023** ൽ ജോലിയിൽ പ്രവേശിച്ചിട്ട് വീണ്ടും മാതാവിന്റെ ചികിൽസയ്ക്കായി **27/11/2023** മുതൽ **120** ദിവസത്തെ ശൂന്യവേതന അവധി അപേക്ഷ സമർപ്പിക്കുകയും ഏന്നാൽ നാളിതുവരെ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. നിരീക്ഷണകാലം പൂർത്തിയാക്കാൻ ആവശ്യമായ സേവനകാലയാളവും ടിയാന് ഇല്ല.

ശ്രീ അബ്ദു സമദ് കെ വി യ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് കാരണം കാണിക്കൽ നോട്ടീസ് അയച്ചിരുന്നു. ആയത് ടിയാൻ കൈപ്പറ്റിയിരുന്നു. എന്നാൽ നാളിതുവരെയും ടിയാൻറെ ഭാഗത്ത് നിന്നും യാതൊരുവിധ മറുപടിയും ലഭിച്ചിട്ടില്ല.

**KSR Part I Appendix XII A** ഖണ്ഡിക **9** പ്രകാരം ഇത്തരത്തിൽ

അനധികൃതമായി ജോലിക്ക് ഹാജരാകാത്തവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് സേവനം അവസാനിപ്പിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ കേരള സംസ്ഥാന സർവ്വീസുകളുടെയും സബോർഡിനേറ്റ് സർവ്വീസുകളുടെയും ചട്ടങ്ങൾ പാർട്ട് 2 റൂൾ 19 പ്രകാരം ശ്രീ അബ്ദു സമദ് കെ വി യുടെ നിരീക്ഷണകാലം അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**SHALIJ P R**

**DIRECTOR**

പകർപ്പ്

പ്രിൻസിപ്പാൾ

GEC തൃശ്ശൂർ

Signed by
Shalij P R
Date: 18-10-2024 07:50:04